# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 562 08.08.2017- ൽ മറുപടിക്ക്**

**മൈലാട്ടി ടെക്സ്റ്റയിൽ മിൽസിൽ വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടി ടെക്സ്റ്റയിൽ മിൽസിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചിട്ടുണ്ടോ;വിശദാംശം അറിയിക്കാമോ;<br><br>(ബി) ഇല്ലെങ്കിൽ തുറന്ന് പ്രവർത്തിക്കാതിരിക്കാനുള്ള കാരണം വിശദമാക്കുമോ; | (എ) & (ബി) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിലുള്ള ഉദുമ ടെക്സ്റ്റൈൽ മില്ലിൽ വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചിട്ടില്ല. കോസ്റ്റ് ഓവർറൺ മൂലം അധിക പ്രവർത്തന മൂലധനം ആവശ്യമായി വന്നതും റിക്രൂട്ട്മെന്റ് റദ്ദ് ചെയ്തതിനെ തുടർന്ന് മുൻ ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകൾ നിലനിന്നിരുന്നതുമാണ് ഉദുമ സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിക്കാത്തതിനുള്ള കാരണങ്ങൾ. |
| (സി) കാസർഗോഡ് ഡവലപ്മെന്റ് പാക്കേജിൽ നിന്ന് മേൽ ടെക്സ്റ്റയിൽ മിൽസിന്റെ പ്രവർത്തനത്തിന് തുക അനുവദിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ; | (സി) 29.03.2017 ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ 1340/2015/കെ.ഡി.പി/ഡി.പി.ഒ/കെ.എസ്.ഡി(1) നമ്പർ ഉത്തരവ് പ്രകാരം 2016-17 വർഷത്തിൽ 160 ലക്ഷം രൂപ കാസർഗോഡ് ഡവലപ്പ്മെന്റ് പാക്കേജിന്റെ ഭാഗമായി ഉദുമാ ടെക്സ്റ്റൈൽ മില്ലിന് അനുവദിച്ചിട്ടുണ്ട്. |
| (ഡി) തടസ്സങ്ങൾ പരിഹരിച്ച് മേൽ സ്ഥാപനം എന്ന് തുറന്ന് പ്രവർത്തിക്കാനാവും എന്ന് വിശദമാക്കാമോ? | (ഡി) ഈ വർഷത്തോടെ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായ സാമ്പത്തികസഹായം അനുവദിക്കുന്നതിനുള്ള സത്വരനടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ